സുപ്രഭാതം

18 January 2018

## രാജ്യാന്തര സഫാരി സമ്മേളനം സമാപിച്ചു

# കടലിൽ പോകുന്നവരുടെ വിവരങ്ങൾ ലഭ്യമാക്കാൻ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തണമെന്ന് നിർദേശം

കൊച്ചി: മത്സ്യമേഖലയിൽ ഉപഗ്രഹ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) സംഘടിപ്പിച്ച രണ്ടാമത് രാജ്യാന്തര സഫാരി സമ്മേളനം സമാപിച്ചു.

കടലിൽ പോകുന്നവരുടെ വിവരങ്ങൾ കൃത്യമായി ലഭ്യമാക്കാൻ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തണമെന്ന് സമ്മേളനത്തോടനുബന്ധിച്ച് ഫിഷറീസ് മന്ത്രി മെഴ്സിക്കുട്ടിയമ്മയുടെ സാന്നിധ്യത്തിൽ ചേർന്ന മത്സ്യത്തൊഴിലാളികളുടെയും ശാസ്ത്രജ്ഞരുടെയും പ്രത്യേക ചർച്ചയിൽ നിർദ്ദേശം ഉയർന്നു.

മീൻപിടുത്തത്തിനായി കടലിൽ പോകുന്നവരുടെ കൃത്യമായ കണക്ക് ലഭ്യമല്ലാത്തതാണ് ഓഖി ചുഴലിക്കാറ്റിനെത്തുടർന്നുള്ള ദുരന്തനിവാരണ പ്രവർത്തനങ്ങൾ ദുഷ്കരമായത്. ടോക്കൺ സമ്പ്രദായം പോലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിലൂടെ കടലിൽ പോകുന്ന തൊഴിലാളികളുടെ കണക്ക് കൃത്യമായി ശേഖരിക്കാനും ദുരന്തനിവാരണ പ്രവർത്തനങ്ങൾ വേഗത്തിലാക്കാനും കഴിയുമെന്ന് അഭിപ്രായമുയർന്നു.

സമ്മേളനത്തിൽ മത്സ്യബന്ധനം, മത്സ്യകൃഷി, കാലാവസ്ഥാവ്യതിയാനം, സമുദ്ര പരിസ്ഥിതി, ഫിഷറീസ് മാനേജ്മെന്റ്, മത്സ്യമേഖലയിലെ സാമൂഹിക-സാമ്പത്തിക വിവരസമാഹാരം തുടങ്ങിയ മേഖലകളിലായി 63 പ്രബന്ധങ്ങളാണ് അവതരിപ്പിച്ചത്.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സമുദ്രശാസ്ത്രജ്ഞർ, ഉപഗ്രഹസാങ്കേതിക മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ധർ, നയതന്ത്രജ്ഞർ, ഗവേഷകർ തുടങ്ങിയവരാണ് ചർച്ചകൾക്ക് നേതൃത്വം നൽകിയത്. മത്സ്യമേഖലയുടെ സമഗ്രവികസനം സാധ്യമാക്കുന്നതിന് മത്സ്യത്തൊഴിലാളികളുടെ അഭിപ്രായം കൂടി സമാഹരിച്ചാണ് സഫാരി സമ്മേളനം അവസാനിച്ചത്. ഒമ്പത് രാജ്യങ്ങളിൽ നിന്നുള്ള 22 വിദേശ പ്രതിനിധികൾ ഉൾപ്പെടെ മുന്നൂറോളം പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു.

സമാപന സംഗമത്തിൽ സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ.ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ഡോ എ.ജി പൊന്നയ്യ, യു.കെയിലെ ഭൗമനിരീക്ഷണ വിഭാഗം ശാസ്ത്രജ്ഞ ഡോ.മാരി ഫാനി റാക്കോ, തീരദേശ മത്സ്യകൃഷി അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ. സി. ഗോപാൽ, ഡോ. ജി. മഹേശ്വരുഡു, ഡോ. ടി.വി സത്യാനന്ദൻ, ഡോ. ഗ്രിൻസൻ ജോർജ്ജ് എന്നിവർ സംസാരിച്ചു.

## മിനി ഹാർബർ സ്ഥാപിക്കണമെന്ന് മത്സ്യത്തൊഴിലാളികൾ

കൊച്ചി: മത്സ്യബന്ധനത്തിലേർപ്പെടുമ്പോൾ തങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ വിവിധയിടങ്ങളിൽ മിനി ഹാർബർ നിർമിക്കണമെന്ന ആവശ്യം മത്സ്യത്തൊഴിലാളികൾ ചർച്ചയിൽ ഉന്നയിച്ചു.

ദുരന്തങ്ങൾ നേരിടുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കണമെന്നും തീരദേശ സംരക്ഷണ സേനയിൽ മത്സ്യത്തൊഴിലാളികളെ കൂടി പങ്കാളികളാക്കണമെന്നും തൊഴിലാളികൾ ആവശ്യപ്പെട്ടു. മത്സ്യബന്ധന യാനങ്ങളിൽ സുരക്ഷാ സംവിധാനങ്ങളുണ്ടെന്ന് ഉറപ്പ് വരുത്തണമെന്നും കാലാവസ്ഥാ മുന്നറിയിപ്പുകളും മത്സ്യങ്ങൾ കൂടുതലുള്ള സ്ഥലങ്ങളറിയാനുമായി മത്സ്യബന്ധയാന നിരീക്ഷണ സംവിധാനം (വി.എം.എസ്) ബോട്ടുകളിൽ ഘടിപ്പിക്കണമെന്ന ആവശ്യവും ചർച്ചയിൽ ഉയർന്നു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി നൂറോളം മത്സ്യത്തൊഴിലാളികൾ ചർച്ചയിൽ പങ്കെടുത്തു.